## ശ്രദ്ധക്ഷണിക്കൽ:

### ബിരുദ –ബിരുദാനന്തര ബിരുദ കോഴ്സുകൾക്കുള്ള ഫീസ് വർദ്ധനവ്

ശ്രീ. ആർ. രാജേഷ്: സർ, സംസ്ഥാനത്തെ കോളേജുകളിൽ ബിരുദ –ബിരുദാനന്തര ബിരുദ കോഴ്സുകൾക്കുള്ള ഫീസ് വർദ്ധനവ് അടിയന്തരമായി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. കേരളത്തിലെ സ്വാശ്രയമേഖലയിൽ പഠിക്കുന്ന ആയിരക്കകണക്കിന് വിദ്യാർത്ഥികളുടെ വിഷമങ്ങൾ വളരെ ഗൗരവത്തോടുകൂടി സഭയിൽ ചർച്ച ചെയ്യാറുണ്ട്. ലക്ഷക്കണക്കിന് വിദ്യാർത്ഥികളെ ബാധിക്കുന്ന ഈ വിഷയത്തിന്മേൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഗൗരവമായി ഇടപെട്ട് ഈ ഫീസ് വർദ്ധനവ് അടിയന്തരമായി പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയാണ്. സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഫീസ് 35 മുതൽ 100 ശതമാനം വരെ വർദ്ധിപ്പിച്ചിരിക്കുകയാണ്. മുമ്പൊരിക്കലും ഉണ്ടാകാത്ത രൂപത്തിലുള്ള വലിയ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. ഇത് പിൻവലിക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം. ഇല്ലെങ്കിൽ കേരളത്തിന്റെ പൊതു വിദ്യാഭ്യാസമേഖലയിൽ വലിയ തിരിച്ചടിയുണ്ടാകും. കേരളത്തിന്റെ പൊതു വിദ്യാഭ്യാസമേഖലയ്ക്ക് സമാനതകളില്ലാത്ത നേട്ടത്തിന്റെ വിസ്തൃതമായ ചരിത്രമാണുള്ളത്. പൊതു വിദ്യാഭ്യാസത്തിലൂടെയാണ് പുതിയ ലോകബോധത്തിലേയ്ക്കും ജ്ഞാനവ്യവസ്ഥകളിലേയ്ക്കും നാം നടന്നുകയറിയത്.

ഇത് തകർന്നാൽ നാടിന്റെ മുന്നോട്ടുള്ള പോക്കിനെയാണ് ബാധിക്കുന്നത്. വിദ്യാഭ്യാസമേഖലയിലെ സാമൂഹ്യ നീതി അട്ടിമറിക്കുന്നതിനു തുല്യമാണിത്. വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സാഹചര്യം തടസ്സപ്പെടുത്തുന്നതിന് തുല്യമാണിത്. വിദ്യാർത്ഥികളുടെ പഠന സ്വാതന്ത്ര്യത്തെയും പഠിക്കാനുള്ള അവകാശത്തേയും ദുർബ്ബലപ്പെടുത്തുകയാണ് ഈ ഫീസ് വർദ്ധനവിലൂടെ ചെയ്യുന്നത്. ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിനു ശേഷം പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കാനുള്ള സാഹചര്യം വളരെ കുറവാണ്. അതുകൊണ്ടുതന്നെ തൊഴിൽ ലഭിക്കാൻ സാധ്യതയുള്ള പുതിയ കോഴ്സുകൾ തെരഞ്ഞെടുക്കേണ്ടിവരികയാണ്. ഇതിനിടയിൽ ഏറ്റവുമധികം വിദ്യർത്ഥികൾ പഠിക്കുന്നത് കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലാണെന്നുളള് യാർത്ഥ്യം മറന്നുപോകാൻ പാടില്ല. ഈ സാഹചര്യത്തിലാണ് ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികളുടെ ഫീസ് അനിയന്ത്രിതമായി വർദ്ധിപ്പിച്ചിരിക്കുന്നത്. നിരവധി സർവ്വകലാശാലകളിൽ പഠിക്കുന്ന ലക്ഷക്കണക്കിന് വിദ്യർത്ഥികളുടെ ഫീസാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. കേരളത്തിലെ സർക്കാർതലത്തിൽ മാന്യമായ വരുമാനം ലഭിക്കുന്ന തൊഴിൽ നേടണമെങ്കിൽ ബിരുദം അത്യാവശ്യമാണ്. കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളാണ് വളരെ കൂടുതലുള്ളത്. ഇവരുടെ ഫീസാണ് 35 മുതൽ 100 ശതമാനം വരെ വർദ്ധിപ്പിച്ചിരിക്കുന്നത്. ഇത് യാതൊരു വിധത്തിലും അംഗീകരിക്കാൻ സാധിക്കുകയില്ല. ബി.

എ./ബി.എസ്‌സി./ ബി.കോം കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളുടെ ഫീസ് 660 രൂപയിൽ നിന്നും 1000 രൂപയാക്കി വർദ്ധിപ്പിച്ചു. 50 ശതമാനം ഫീസ് വർദ്ധനവാണ് ആ മേഖലയിൽ നടപ്പിലാക്കിയിരിക്കുന്നത്. പി.ജി. കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളുടെ ഫീസ് 1200 രൂപയിൽ നിന്നും 1800 രൂപയാക്കി വർദ്ധിപ്പിച്ചു (50 ശതമാനം വർദ്ധനവ്), ബി.എഡ് കോഴ്സുകൾക്കുള്ള ഫീസ് 1200 രൂപയിൽ നിന്നും 2000 രൂപയാക്കി വർദ്ധിപ്പിച്ചു (70 ശതമാനം വർദ്ധനവാണ്), എം.എഡ് വിദ്യാർത്ഥികൾക്കുള്ള ഫീസ് 1500 രൂപയിൽ നിന്നും 3000 രൂപയാക്കി വർദ്ധിപ്പിച്ചു (100 ശതമാനം വർദ്ധനവ്). മാത്രമല്ല, കോളേജുകളിലെ ലാബ് ഫീസ് ഉൾപ്പെടെയുള്ളവ വർദ്ധിപ്പിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ ഏതെങ്കിലും വിദ്യാർത്ഥി ടി.സി. വാങ്ങിപ്പോകാൻ ആഗ്രഹിച്ചാൽപ്പോലും സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. കാരണം, ടി.സി.-ക്കുള്ള ആപ്ലിക്കേഷൻ ഫീസിനുപോലും കടുത്ത വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. എല്ലാ വിദ്യാർത്ഥികൾക്കും ഈ ഫീസടയ്ക്കാൻ കഴിയില്ലെന്ന അഭിപ്രായം എനിക്കില്ല. പക്ഷേ, ഏതെങ്കിലും ഒരു വിദ്യാർത്ഥിക്ക് ഫീസടയ്ക്കാൻ കഴിയാതെവന്നാൽ ആ കുട്ടി ആത്മഹത്യ ചെയ്യേണ്ടിവരുന്നുമെന്നുള്ള കാര്യം കൂടി നാം ഓർക്കേണ്ടതുണ്ട്. ഫീസ് അടയ്ക്കാൻ പണമില്ലാത്തതിന്റെ പേരിൽ ആത്മഹത്യചെയ്ത നിരവധി വിദ്യാർത്ഥികളുള്ള നാടാണ് കേരളം. ആ ഗണത്തിലേയ്ക്ക് ഈ നാട്ടിലെ വിദ്യാർത്ഥികളെ തള്ളിവിടുന്ന ഈ സമീപനം അവസാനിപ്പിക്കേണ്ടതായിട്ടുണ്ട്. അതു

കൊണ്ട് ഈ സാഹചര്യത്തെ വളരെ ഗൗരവത്തോടുകൂടി കാണണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ 70%-ഉം ദുർബ്ബല കുടുംബങ്ങളിൽ നിന്നും വരുന്നവരാണ്. പരമ്പരാഗത തൊഴിലാളികൾ, കയർത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, കശുവണ്ടിത്തൊഴിലാളികൾ തുടങ്ങിയവരുടെ മക്കളാണ് ഇത്തരം കോളേജുകളിലേയ്ക്ക് വരുന്നത്. ഇവരുടെ ഫീസ് വർദ്ധനവ് ഈ സമൂഹത്തിൽ ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കും. അനവസരത്തിലുള്ളതും അപ്രായോഗികമായതുമായ വർദ്ധനവാണ് ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ വരുത്തിയിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ മെരിറ്റ് സീറ്റിലും ഫീസ് വർദ്ധനവുണ്ടാക്കി, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ മെരിറ്റ് സീറ്റിലും ഫീസിൽ വർദ്ധനവുണ്ടാക്കി. ആർട്സ് ആന്റ് സയൻസ് കോളേജുകൾക്ക് അക്രെഡിറ്റേഷൻ ഏർപ്പെടുത്തി അവരെ റാങ്ക് ചെയ്ത് ഈ കോളേജുകളെ തകർക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. എല്ലാ അർത്ഥത്തിലും ആർട്സ് ആന്റ് സയൻസ് കോളേജുകളെ തകർത്ത്, കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയെ തകർക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നത് സഭ ഗൗരവത്തോടുകൂടി കാണണം. ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ വിദ്യാർത്ഥികളിൽ സ്വന്തമായി വരുമാനം കണ്ടെത്തി പഠനം നടത്തുന്നവരുണ്ടെന്ന് എനിക്ക് നേരിട്ടറിയാവുന്നതാണ്. അതിനാൽ ബിരുദ, ബരുദാനന്തര വിദ്യാർത്ഥിക

ളുടെ പഠന സ്വപ്നങ്ങൾക്കുമേൽ കരിനിഴൽ വീഴ്ത്തുന്ന ഈ ഫീസ് വർദ്ധനവ് പിൻവലിക്കുക മാത്രമല്ല, പുതിയ കോഴ്സുകൾ സൃഷ്ടിച്ച് ആർട്സ് ആന്റ് സയൻസ് കോളേജുകളെ ശക്തിപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകണം; അടിയന്തരമായി ഈ വിഷയത്തിൽ സർക്കാരിന്റെ ഇടപെടലുണ്ടാകണം; ഈ ഫീസ് വർദ്ധനവ് പിൻവലിക്കണം. അല്ലെങ്കിൽ കേരളത്തിലെ വിദ്യാർത്ഥി സമൂഹം ഇതിനെതിരെ വലിയ പ്രതിഷേധത്തി ലേയ്ക്ക്, വലിയ പ്രക്ഷോഭത്തിലേയ്ക്ക് വരും. ന്യായമായ ഇത്തരം ആവ ശ്യത്തിനുവേണ്ടി സമരങ്ങൾ ഉയർന്നുവന്നാൽ അതിനെ അടിച്ചമർത്തി വിദ്യാർത്ഥികളുടെ ചോര തെരുവിലേയ്ക്ക് ഒഴുക്കുന്ന സമീപനം ആദ്യമേ തന്നെ അവസാനിപ്പിക്കേണ്ടതായിട്ടുണ്ട്. ഞാനൊരു മുന്നറിയിപ്പ് എന്ന രൂപത്തിൽതന്നെയാണ് ഇത് പറയുന്നത്. ഈ ഫീസ് വർദ്ധനവ് അടിയന്ത രമായി പിൻവലിച്ചുകൊണ്ട്, ലക്ഷക്കണക്കിന് വരുന്ന വിദ്യാർത്ഥികളുടെ പഠന സ്വാതന്ത്ര്യത്തെ, പഠിക്കുവാനുള്ള അവകാശത്തെ, പഠിക്കുവാനുള്ള സാഹചര്യത്തെ തടസ്സപ്പെടുത്തിക്കൊണ്ട് ഗവൺമെന്റ് മുന്നോട്ടുപോക രുതെന്ന് മാത്രമാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ സൂചിപ്പിക്കുന്നത്. ഈ ഫീസ് വർദ്ധനവ് പിൻവലിക്കണമെന്ന് ഒരിക്കൽക്കൂടി ആവശ്യപ്പെടുകയാ ണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, 15.3.2012-ലെ സർക്കാർ ഉത്തരവ് നമ്പർ 539/12/ഉ.വി.വ. പ്രകാരം 2012 -2013 അദ്ധ്യയനവർഷം പ്രാബല്യത്തിൽ വരുന്നവിധം കോളേജ് വിദ്യാ

ഭ്യാസ ഡയറക്ടറുടെ കീഴിലുള്ള സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലേയും ട്രെയിനിംഗ് കോളേജുകളിലേയും ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകളിലേയ്ക്ക് ഫീസും വാടകയും മറ്റും വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 15.1.2002-ലെ സർക്കാർ ഉത്തരവ് നമ്പർ 5/2002/ഉ.വി.വ. പ്രകാരം 10 വർഷം മുമ്പ് പുറപ്പെടുവിച്ചിട്ടുള്ള നിരക്കാണ് പ്രാബല്യത്തിലുണ്ടായിരുന്നത്. പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ വന്ന ശേഷം 10 വർഷം കഴിഞ്ഞാണ് ഇതുസംബന്ധിച്ച് പുതുക്കിയ ഫീസ് നിരക്ക് നിലവിൽ വന്നിട്ടുള്ളത്. 9.8.2006-ലെ അന്നത്തെ ക്യാബിനറ്റ് മീറ്റിംഗിൽ മുൻ സർക്കാർ കൈക്കൊണ്ട തീരുമാനമനുസരിച്ചാണ് സർക്കാരിന്റെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പ് തലവന്മാരോട് അതാത് വകുപ്പുകളിൽ റവന്യൂ വരുമാനം വർദ്ധിപ്പിക്കുവാൻ മുൻ സർക്കാർ പൊതുവായ നിർദ്ദേശം നൽകിയത്. അതിന്റെ വെളിച്ചത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിലെ വിവിധ കോഴ്സുകളിലെ ഫീസ് ഘടന പുതുക്കിക്കൊണ്ട് വ്യക്തമായ ശുപാർശയോടെയുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ 2009 ജനുവരി 28-ന് സർക്കാരിന് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ശുപാർശകൾ കണക്കിലെടുത്തുകൊണ്ടാണ് ബിരുദ, ബിരുദാനന്തര കോഴ്സുകളുടെ ഫീസും വാടകയും മറ്റ് നിരക്കുകളും വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്. നീണ്ട 10

വർഷങ്ങൾക്കുശേഷമാണ് പുതുക്കിയ ഫീസ് നിരക്ക് വർദ്ധിപ്പിച്ചിട്ടുള്ളത് എന്ന വസ്തുത ശ്രദ്ധിക്കപ്പെടേണ്ടതാണ്. അതുകൊണ്ടുതന്നെ ദീർഘമായ കാലയളവിനുശേഷം വർദ്ധിപ്പിച്ചിട്ടുള്ള പുതുക്കിയ നിരക്ക് പിൻവലിക്കണമെന്ന ആവശ്യത്തിന് വലിയ ന്യായമുണ്ടെന്ന് തോന്നുന്നില്ല. ഈ സാഹചര്യത്തിൽ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലേയും ട്രെയിനിംഗ് കോളേജുകളിലേയും ബിരുദ, ബിരുദാനന്തര കോഴ്സുകളുടെ ഫീസും വാടകയും മറ്റും വർദ്ധിപ്പിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ഇപ്പോൾ പുന:പരിശോധിക്കേണ്ടതില്ലെന്നും അപ്രകാരം വർദ്ധിപ്പിച്ചിട്ടുള്ള ഫീസ് നിരക്ക് അതേപടി നിലനിറുത്തുന്നതുമാണ് അഭികാമ്യമെന്നുമാണ് സർക്കാർ കരുതുന്നത്.

<u>ശ്രീ. ആർ. രാജേഷ്</u> : സർ, ഇത് ചെറിയൊരു വർദ്ധനവല്ല. ചില കോഴ്സുകളിൽ 100% വരെ വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇതുസംബന്ധിച്ച് ഗൗരവപൂർവ്വം പരിശോധിക്കണം. 10 വർഷം മുമ്പുള്ള ഉത്തരവാണെന്ന് കരുതി അത് നടപ്പിലാക്കാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റിന് കഴിയില്ലേ; ലക്ഷക്കണക്കിന് വിദ്യാർത്ഥികളെ ബാധിക്കുന്ന ഈ വിഷയത്തിൽ ആ ഉത്തരവ് റദ്ദ് ചെയ്ത് ഫീസ് വർദ്ധനവ് പിൻവലിക്കണമെന്നതാണ് ആവശ്യം. അല്ലാതെ 10 വർഷം മുമ്പ് ഉത്തരവ് ഇറക്കിയതിന്റെ പേരിൽ ഫീസ് വർദ്ധിപ്പിക്കുക എന്ന് പറയുന്നത് ശരിയല്ല.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : എല്ലാ മേഖലകളിലും കാലാനുസൃതമായ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് ബഹുമാന്യനായ മെമ്പർ തന്നെ ഇവിടെ

സമ്മതിച്ചു. അതിനനുസരിച്ച് 10 വർഷം മുമ്പുള്ള സംഖ്യയാണ് ഇവിടെ വർദ്ധിപ്പിച്ചിട്ടുള്ളത്. അത് അമിതമായ ഒരു വർദ്ധനവാണ് എന്ന് സർക്കാർ കരുതുന്നില്ല.

## വയോജന ഡയറക്ടറേറ്റ്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, സംസ്ഥാനത്തെ ജനസംഖ്യയിൽ 15%-ലധികം വരുന്ന മുതിർന്ന പൗരന്മാരുടെ ഇന്നത്തെ അവസ്ഥ അത്യന്തം പരിതാപകരമാണ്. ജീവിതത്തിന്റെ വസന്തകാലം മുഴുവൻ തങ്ങളുടെ നാടിനും വീടിനും വേണ്ടി പ്രയത്നിച്ച അവരുടെ ജീവിത സായാഹ്നം അത്യന്തം ദുരിതപൂർണ്ണവും ക്ലേശകരവുമായി മാറിക്കൊണ്ടിരിക്കുകയാണ്. കടുത്ത പീഡനങ്ങളുടേയും മാനസിക സംഘർഷങ്ങളുടേയും ഇരകളായി അവരിൽ പലരും മാറിക്കൊണ്ടിരിക്കുന്നു. ഉന്നതരായ ഉദ്യോഗസ്ഥർ തങ്ങളുടെ പ്രായമായ മാതാപിതാക്കളെ മാസങ്ങളോളം മുറിയിലിട്ട് പൂട്ടിയെന്നും ആശുപത്രികളിലും ബസ് സ്റ്റാന്റുകളിലും റെയിൽവേ സ്റ്റേഷനുകളിലും സ്വന്തം മാതാപിതാക്കളെ ഉപേക്ഷിച്ചുവെന്നും ഒറ്റയ്ക്ക് താമസിക്കുന്ന വൃദ്ധദമ്പതികളെ കൊലചെയ്ത് സ്വത്ത് കളവുചെയ്തുവെന്നും മുത്തശ്ശിയെ ബലാൽസംഗം ചെയ്തുവെന്നുമുള്ള ഞെട്ടിക്കുന്ന വാർത്തകളാണ് നാട്ടിൽ നിത്യസംഭവങ്ങളായിരിക്കുന്നത്. മുതുകുളത്ത് ഒരു സ്ത്രീയെ കെട്ടിയിട്ട് കളവ് നടത്തിയതായി പത്രറിപ്പോർട്ടുണ്ട്. മുതിർന്നവരെ ആദരിക്കുക എന്നത് നമ്മുടെ സമ്പന്നമായ സംസ്ക്കാരത്തിന്റെ ഭാഗമായിരുന്നു. കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ കാരണവന്മാരും മുത്തശ്ശിമാരും പിൻതലമുറയുടെ സംരക്ഷകരും വഴികാട്ടികളുമായിരുന്നു. എന്നാൽ മുതിർന്നവരെ കൺകണ്ട ദൈവങ്ങളായിട്ടാണ് അന്ന് കരുതിവന്നത്. മാതാപിതാ ഗുരു ദൈവം അതായിരുന്നു അന്നത്തെ നമ്മുടെ വിശ

ျാസപ്രമാണം. എന്നാൽ അണുകുടുംബങ്ങൾ നിലവിൽ വന്നതോടെ മുതിർന്നവരെ പരിചരിക്കാൻ, പരിരക്ഷിക്കാൻ ആരുമില്ലാത്ത നിലയിലായി. സ്വന്തം വീടുകളിൽപ്പോലും കുട്ടികൾക്ക് നൽകുന്ന പരിഗണന മുതിർന്നവർക്ക് ലഭിക്കുന്നില്ല. മക്കൾ ജോലിക്കുവേണ്ടി അന്യനാടുകളിൽ ചേക്കേറുമ്പോൾ വീടുകളിൽ ഒറ്റപ്പെടുന്നത് വൃദ്ധരായ മാതാപിതാക്കളാണ്. പണമുണ്ടാക്കാനുള്ള തത്രപ്പാടിൽ പുതിയ തലമുറ സ്വന്തങ്ങളും ബന്ധങ്ങളും പാടേ മറന്നുപോകുന്നു. സ്വന്തം മാതാപിതാക്കളുടെ ക്ഷേമം അന്വേഷിക്കാനും അവരുടെ വേദനകൾ പങ്കുവയ്ക്കാനും മക്കൾക്ക് സമയമില്ല, ക്ഷമയുമില്ല. അവരോടുള്ള സ്നേഹവും സാന്ത്വനവും അത്യപൂർവ്വമായ ഫോൺ വിളികളിലും എസ്.എം.എസ്.-ലും ഒതുങ്ങിനിൽക്കുന്നു. മുതിർന്ന പൗരന്മാരുടെ പരിരക്ഷ നമ്മുടെ ഭരണഘടന ഉറപ്പുനൽകുന്നുണ്ട്. അവർക്ക് ചെലവിന് കൊടുക്കാനുള്ള ബാധ്യത ക്രിമിനൽ നടപടി ചട്ടങ്ങളിലുമുണ്ട്. എന്നിട്ടും മുതിർന്ന പൗരന്മാരിൽ അധികവും 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും' എന്ന സ്ഥിതിയിലാണ്. ഈ വസ്തുത കണക്കിലെടുത്ത് കേന്ദ്ര സർക്കാർ 2007-ൽ The Maintenance and Welfare of Parents and Senior Citizens Act പാസാക്കുകയും സമഗ്രമായ ദേശീയ വയോജന നയം പ്രഖ്യാപിക്കുകയും ചെയ്തു. നമ്മുടെ സംസ്ഥാനവും കേന്ദ്ര നിയമം അംഗീകരിച്ച് 2009-ൽ ചട്ടങ്ങൾ പാസാക്കി നയം പ്രഖ്യാപിച്ചു. കേന്ദ്ര-സംസ്ഥാന തലങ്ങളിൽ നിലവിൽനിന്ന നിയമങ്ങ

ളിലും പ്രഖ്യാപനങ്ങളിലും വയോജനങ്ങൾക്ക് പെൻഷൻ, യാത്രാനുകൂല്യങ്ങൾ, ആദായ നികുതി ഇളവ്, അധിക പലിശ, ആരോഗ്യ പരിരക്ഷ, ജീവിത സുരക്ഷ, നിയമ പരിരക്ഷ തുടങ്ങിയ കാര്യങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്. അതെല്ലാം ഫലപ്രദമായി നടപ്പിൽവരുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇന്ത്യയിൽ ഏറ്റവും കൂടുതൽ മുതിർന്ന പൗരന്മാരുള്ള സംസ്ഥാനമാണ് കേരളം. വിവിധ മേഖലകളിൽ നിരവധി ക്ഷേമപദ്ധതികൾ നടപ്പിലാക്കിയിട്ടുള്ള നമ്മുടെ സംസ്ഥാനം ഈ രംഗത്ത് അല്പം വൈകിയാണ് വന്നത്. മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച് നിയോഗിക്കപ്പെട്ട നിയമസഭാ സമിതി ഇതുസംബന്ധിച്ച വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചുവെങ്കിലും അതിൽ നിർദ്ദേശിക്കപ്പെട്ട പല കാര്യങ്ങളും ഇനിയും നടപ്പിലാക്കിയിട്ടില്ല. ഗ്രാമസഭകളും ഡിവിഷൻ സഭകളും വഴി സംസ്ഥാനത്തെ വയോജനങ്ങളുടെ കൃത്യമായ കണക്ക് തയ്യാറാക്കുകയും എല്ലാ വയോജനങ്ങൾക്കും സൗജന്യമായ ആരോഗ്യ ഇൻഷ്വറൻസ് നടപ്പിലാക്കുകയും വേണം. മറ്റ് പെൻഷനൊന്നുമില്ലാത്ത വയോജനങ്ങൾക്ക് എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ വാർദ്ധക്യകാല പെൻഷൻ അനുവദിക്കണം. വയോജനങ്ങളുടെ കർമ്മശേഷി പ്രയോജനപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. നഗരങ്ങളിലും പട്ടണങ്ങളിലും മാത്രമുള്ള വയോമിത്രം പരിപാടി ഗ്രാമങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കണം. ഡോക്ടർമാർക്ക് ജെറിയാട്രിക് സ്പെഷ്യലൈസേഷന് അവസരമുണ്ടാക്കുകയും നേഴ്സുമാർക്ക് ഈ മേഖലയിൽ പ്രത്യേക പരിശീലനം ലഭ്യമാക്കു

കയും താലൂക്ക് ആശുപത്രികളിലടക്കം ജെറിയാട്രിക് വാർഡുകൾ അനുവദിക്കുകയും വേണം. വയോജനങ്ങൾക്ക് കൗൺസലിംഗ്, കരിയർ ഗൈഡൻസ്, പരിശീലനം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ വേണം. വയോജന മന്ദിരങ്ങൾ, പകൽ വീടുകൾ എന്നിവ കൂടുതലായി ആരംഭിക്കണം. വയോജനങ്ങൾക്ക് അനുവദിച്ച ആനുകൂല്യങ്ങൾ കൃത്യമായി അവർക്ക് ലഭ്യമാകുന്നുണ്ടോ എന്നത് ഉറപ്പുവരുത്തണം. വയോജനങ്ങളുടെ അവകാശങ്ങളും അവർക്കുള്ള ആനുകൂല്യങ്ങളും കൈകാര്യം ചെയ്യുന്നത് വിവിധ വകുപ്പുകളാകയാൽ വേണ്ടത്ര ഏകോപനം ഇന്ന് സാധ്യമാകുന്നില്ല. അതുകൊണ്ട് വയോജനങ്ങളുടെ താല്പര്യങ്ങൾ പരിരക്ഷിക്കുന്നതിനുവേണ്ടി ഒരു പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. മേൽപ്പറഞ്ഞ പത്തിന പരിപാടികൾ സമയബന്ധിതമായി നടപ്പിൽവരുത്താൻ സർക്കാരിനോട് സവിനയം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ തേറമ്പിൽ രാമകൃഷ്ണൻ ഇവിടെ ഉന്നയിച്ച പ്രശ്നം സമൂഹത്തിലെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. കുട്ടികളെ സ്നേഹം കൊടുത്തു വളർത്തുകയും മുതിർന്നവരെ ആദരിക്കുകയും ചെയ്യുക എന്നുള്ളതാണ് നമ്മുടെ പാരമ്പര്യവും സംസ്ക്കാരവും. പക്ഷേ, ഇന്ന് അതിന് മാറ്റം വന്നുകൊണ്ടിരിക്കുകയല്ലേ എന്ന് സംശയിക്കുകയാണ്. ഞാൻ എന്റെ ഒരനുഭവം പറയാം, ഏഴു കൊല്ലം മുമ്പ് മുഖ്യമന്ത്രിയായിരുന്ന സമയത്ത് ജില്ലകളിൽ ജനസമ്പർക്ക

പരിപാടിയുമായി പോയപ്പോൾ വളരെ അപൂർവ്വമായി, ചില ജില്ലകളിൽ നിന്ന് മാത്രമാണ് വീടുകളിൽ നിന്ന് സംരക്ഷണം കിട്ടുന്നില്ല എന്നുള്ള പരാതികൾ പ്രായമായവരിൽ നിന്നും ലഭിച്ചത്. അതും ഒന്നോ രണ്ടോ പരാതികൾ മാത്രമാണ്.  പക്ഷേ ഇപ്രാവശ്യം പോയപ്പോൾ എല്ലാ ജില്ലക ളിൽ നിന്നും പത്തും പതിനഞ്ചും അതിലധികവും പരാതികൾ ലഭിക്കുക യുണ്ടായി. ഈ ഒരു മാറ്റം വളരെ ശ്രദ്ധേയമായി എനിക്ക് തോന്നുന്നു. പ്രായമായ ആൺമക്കളുള്ളതുകൊണ്ട് വാർദ്ധക്യകാല പെൻഷൻപോലും കിട്ടുന്നില്ല എന്ന് അവരിൽ പലരും പറഞ്ഞു. പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഒരു തീരുമാനമെടുത്തു. പ്രായമായ ആൺമക്കളുണ്ടെങ്കിലും വാർദ്ധക്യകാല പെൻഷനും വിധവാ പെൻഷനും കൊടുക്കുന്നതിന് അതൊരു തടസ്സമാകാൻ പാടില്ല. അവർ ഒരപേക്ഷ കൊടുത്താൽ മാത്രം മതി; മറ്റൊരു സർട്ടിഫിക്കറ്റും ആവശ്യമില്ല. ആ അപേക്ഷയ്ക്ക് ഒരർത്ഥമുണ്ട്. അതിന് എന്റെ മക്കൾ നോക്കുന്നില്ല എന്ന ഒരർത്ഥം വരും. അതൊന്നും അതിനകത്ത് സൂചിപ്പിക്കേണ്ടതില്ല, അപേക്ഷ കൊടുത്താൽ അവർക്ക് ആൺമക്കളുണ്ടോ, വരുമാനമുണ്ടോ, അവർ സംരക്ഷിക്കുന്നുണ്ടോ എന്നൊന്നും നോക്കാതെ വാർദ്ധക്യകാല പെൻഷനും വിധവാ പെൻഷനും കൊടുക്കാൻ തീരുമാനിച്ചത് ആ സാഹ ചര്യത്തിലാണ്. ഈ കാര്യങ്ങളെല്ലാം കോ-ഓർഡിനേറ്റ് ചെയ്ത് പ്രവർത്തി ക്കുന്നതിന് ഒരു ഡയറക്ടറേറ്റ് സോഷ്യൽ വെൽഫെയർ ഡിപ്പാർട്ട്മെന്റു മായി ബന്ധപ്പെട്ടുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പി

ച്ചു. നമ്മുടെ ജനസംഖ്യയിൽ പത്തു ശതമാനത്തിലധികം വയോജനങ്ങളുണ്ട്. ഇൻഡ്യയിൽ അങ്ങനെയുള്ള ഏക സംസ്ഥാനം കേരളമാണ്. അങ്ങനെയുള്ളതുകൊണ്ടുതന്നെ അതിന്റേതായ പ്രശ്നങ്ങളും നമ്മൾ ഇന്ന് നേരിടുന്നുണ്ട്. പ്രായാധിക്യത്താൽ വയോജനങ്ങൾ നേരിടുന്ന ആരോഗ്യ ബലഹീനത, പോഷകാഹാര ദൗർലഭ്യം, വാർദ്ധക്യസഹജമായ രോഗങ്ങൾ, ഒറ്റപ്പെട്ടുകഴിയുന്നതുമൂലമുണ്ടാകുന്ന മാനസിക സംഘർഷം ഇതൊക്കെയാണ് വയോജനങ്ങളുടെ ആരോഗ്യ സുരക്ഷാരംഗം നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങൾ. ത്രിതല പഞ്ചായത്തുമായി സഹകരിച്ച് സാമൂഹ്യ ക്ഷേമ വകുപ്പിലെ അംഗൻവാടികൾവഴി സംതൃപ്തി എന്ന പേരിൽ വയോജനങ്ങൾക്ക് ഒരു നേരം പോഷകാഹാരം വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 65 വയസ്സിനുമുകളിൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനും ദൈനംദിന ജീവിതം സുഗമമാക്കുന്നതിനും വേണ്ടി സാമൂഹ്യസുരക്ഷാ മിഷൻ മുഖേന വയോമിത്രം എന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക് സംവിധാനം, ടോൾഫ്രീ ടെലിഫോൺ, മരുന്നുകൾ, പാലിയേറ്റീവ് കെയർ, മൊബൈൽ ക്ലിനിക്ക്, ആംബുലൻസ് സൗകര്യം എന്നീ സേവനങ്ങൾ ലഭ്യമാണ്. വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിന് സാമൂഹ്യ ക്ഷേമ വകുപ്പും ആരോഗ്യ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയോജിപ്പിച്ച് കർമ്മ പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീക

രിച്ചുവരുന്നു. കൂടാതെ ആരോഗ്യ വകുപ്പുവഴി താലൂക്കാശുപത്രികളിൽ വയോജനങ്ങൾക്കായി ജെറിയാട്രിക് വാർഡുകൾ സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ വയോജനങ്ങളുടെ മൊത്തത്തിലുള്ള ക്ഷേമം ലക്ഷ്യമാക്കി 2006-ലെ വയോജന നയം അനുയോജ്യമായവിധം പരിഷ്ക്കരിക്കാനും ഉദ്ദേശിക്കുന്നുണ്ട്. ഈ പരിഷ്ക്കരണം സമയബന്ധിതമായി മൂന്നുമാസത്തിനകം പ്രഖ്യാപിക്കാനാണ് സോഷ്യൽ വെൽഫെയർ ഡിപ്പാർട്ട്മെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് 2007 അനുസരിച്ച് വൃദ്ധജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ നൽകണമെന്ന് പ്രത്യേകമായി നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ച് പോലീസിന് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിന്റെ ഭാഗമായി മുതിർന്ന പൗരൻമാരുടേയും നിരാലംബരായ വൃദ്ധജനങ്ങളുടേയും രക്ഷിതാക്കളുടേയും സുരക്ഷയ്ക്കായി നടപ്പിലാക്കിയിട്ടുള്ള പദ്ധതിപ്രകാരം പോലീസ് സ്റ്റേഷനുകളിൽ സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിക്കാനും ജില്ലാ ആസ്ഥാനങ്ങളിൽ സീനിയർ സിറ്റിസൺ ബ്യൂറോ സ്ഥാപിക്കാനും ജില്ലാ പോലീസ് കൺട്രോൾ റൂമുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ സ്ഥാപിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. സോഷ്യൽ വെൽഫെയർ ഡിപ്പാർട്ട്മെന്റിന്റെ കീഴിലാണ് ഇപ്പോൾ ഇവ പ്രവർത്തിക്കുന്നത്. അതിനായൊരു പ്രത്യേക സംവിധാനമുണ്ടാക്കിയിട്ടില്ല. ഓർഫനേജ് കൺട്രോൾ

ബോർഡിന്റെ കീഴിലാണ് ഇത് നോക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം ഗവൺമെന്റ് ഗൗരവമായി കാണുന്നു, തത്വത്തിൽ അംഗീകരിക്കുന്നു. ആദ്യമായി സോഷ്യൽ വെൽഫെയർ ഡിപ്പാർട്ട്മെന്റിൽ ഒരു പ്രത്യേക കൺട്രോൾ ബോർഡ്, ഓൾഡ് ഏജ് കൺട്രോൾ ബോർഡ് രൂപീകരിക്കും. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ നിന്ന് ഇക്കാര്യങ്ങൾ ഓൾഡ് ഏജ് കൺട്രോൾ ബോർഡിന്റെ കീഴിൽ കൊണ്ടു വരും. അതുകഴിഞ്ഞുള്ള സ്റ്റേജിൽ ഡയറക്ടറേറ്റ് എന്നുള്ള ആശയം പരി ശോധിക്കാൻ ഗവൺമെന്റ് തയ്യാറാണ്. അങ്ങ് ഇവിടെ പറഞ്ഞത് ഒരു സാമൂഹ്യപ്രശ്നമാണ്. നമ്മുടെ ആയുർദൈർഘ്യം കൂടുകയും അതിന്റെ ഭാഗമായി ഓൾഡ് ഏജുകാരുടെ ആരോഗ്യ പ്രശ്നങ്ങൾ, അവരുടെ സുരക്ഷ, അവരുടെ സാമൂഹ്യസംരക്ഷണ പ്രശ്നങ്ങൾ തുടങ്ങിയവയും കൂടിവരുന്നുണ്ട്. അതനുസരിച്ചുള്ള നടപടികളുടെ ഭാഗമായാണ് ഓൾഡ് ഏജ് കൺട്രോൾ ബോർഡും തുടർന്ന് ഡയറക്ടറേറ്റ് എന്നുള്ള ആശ യത്തെക്കുറിച്ചും ആലോചിക്കുന്നതെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുക യാണ്.

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u>: സർ, വയോമിത്രം പരിപാടി ഇപ്പോൾ നഗരങ്ങളിലും പട്ടണങ്ങളിലും മാത്രമേയുള്ളൂ. അത് ഗ്രാമങ്ങളി ലേയ്ക്കുകൂടി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, വയോമിത്രം പരിപാടി ഇന്ന് നഗരങ്ങളിൽ വിജയകരമായി നടപ്പിലാക്കുകയാണ്. നഗരങ്ങളിലാണ് ഒറ്റപ്പെട്ടുകഴിയുന്ന

സാഹചര്യം കൂടുതലുള്ളത്. ഗ്രാമങ്ങളിൽ കൂറേക്കൂടി മിംഗിൾ ചെയ്ത് പ്രവർത്തിക്കുന്നതിനുള്ള സൗകര്യവും സാഹചര്യവുമുള്ളതുകൊണ്ടാണ് ഈ പദ്ധതി നഗരങ്ങളിൽ ആദ്യം തുടങ്ങിയത്. ബഹുമാനപ്പെട്ട മെമ്പറുടെ ആശയം നിശ്ചയമായും പരിഗണിക്കുന്നതായിരിക്കും.

<u>മി. സ്പീക്കർ</u>: ഇന്ന് 15 സബ്മിഷനുകളുണ്ട്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുളള 2 ബില്ലുകളുണ്ട്, റൂൾ 58 അനുസരിച്ചും റൂൾ 205(ബി) അനുസരിച്ചുമുള്ള രണ്ട് പ്രത്യേക ചർച്ചകളുമുണ്ട്. അതു കൊണ്ട് ദയവുചെയ്ത് എല്ലാ അംഗങ്ങളും നിർബന്ധമായും സമയക്രമം പാലിക്കണം. സബ്മിഷൻ അവതരിപ്പിക്കുന്ന ആളുകൾക്ക് ആ വിഷയ ത്തെക്കുറിച്ച് ധാരാളം കാര്യങ്ങൾ പറയാനുണ്ടാകും. ഒരു മിനിട്ട് കൊണ്ട് വിഷയമവതരിപ്പിക്കണം. ബഹുമാനപ്പെട്ട മന്ത്രിമാർ അതുപോലെ വളരെ പെട്ടെന്ന് മറുപടി പറഞ്ഞുതീർക്കുകയും വേണം.

(സബ്മിഷൻ)

* * * * * * * * * * * * * * * *